ജലനിരപ്പിന്റെ വർദ്ധനയനുസരിച്ച് വൈദ്യുതി ഉൽപ്പാദനത്തിൽ വന്ന മാറ്റം

*21 [294] ശ്രീ. പി. സി. ജോർജ്ജ്:
" കോടിയേരി ബാലകൃഷ്ണൻ:
" കെ. കെ. ജയചന്ദ്രൻ:
" രാജു എബ്രാഹം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളുടെ ഉൽപ്പാദനത്തിലും വിതരണത്തിലും റിസർവോയറുകളിലെ ജലനിരപ്പ് ഉയർന്നതിന് അനുസൃതമായി മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം രീതിയിലുള്ള മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ജലസംഭരണികളിൽ ഓരോന്നിലും ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരം എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ജലം ഉണ്ടെന്നും, മുൻവർഷം ഇതേ സമയം അത് എത്രയായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(ഡി) വൈദ്യുത പദ്ധതികൾ ഓരോന്നിന്റെയും സ്ഥാപിതശേഷിയും ഇപ്പോഴത്തെ ഉൽപ്പാദനവും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ജലതാപ വൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉൽപ്പാദനം സംബന്ധിച്ച അനുപാതം വെളിപ്പെടുത്താമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്.

(ബി) 2004 ഏപ്രിൽ മാസത്തിലെ പ്രതിദിന ശരാശരി ജലവൈദ്യുതി ഉൽപ്പാദനം 10.1 ദശലക്ഷം യൂണിറ്റായിരുന്നു. റിസർവോയറുകളിലെ ജലനിരപ്പ് ഉയർന്നതിനനുസൃതമായി പ്രതിദിന ശരാശരി ജലവൈദ്യുതി ഉൽപ്പാദനം മെയ് മാസത്തിൽ 12.7 ദശലക്ഷം യൂണിറ്റും ജൂൺ മാസത്തിൽ 16.9 ദശലക്ഷം യൂണിറ്റും ജൂലൈ മാസത്തിൽ ഇതുവരെയായി 18.89 ദശലക്ഷം യൂണിറ്റും ആയി വർദ്ധിപ്പിച്ചു.

(സി) മറുപടി അനുബന്ധം 1 ആയി മേശപ്പുറത്തു വയ്ക്കുന്നു.†

(ഡി) മറുപടി അനുബന്ധം 2 ആയി മേശപ്പുറത്തു വയ്ക്കുന്നു.†

† അനുബന്ധം III, III എ

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2003-2004-ലെ ജലവൈദ്യുതി-താപവൈദ്യുതി അനുപാതം 32 ശതമാനം : 68 ശതമാനം ആയിരുന്നു. 2004-2005 ജൂണിൽ ഈ അനുപാതം 41 ശതമാനം : 59 ശതമാനം ആണ്.

കെ. എച്ച്. ആർ. ഡബ്ല്യു. എസ്.-ന്റെ ഗവേഷണങ്ങളും ചെലവും

*22 [295] ശ്രീ. കെ. സി. ജോസഫ്:
" ടി. വി. ചന്ദ്രമോഹൻ:
" പി. ജെ. ജോയി:
" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. എന്തെല്ലാം ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ഗവേഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുമോ എന്നു വെളിപ്പെടുത്താമോ;

(സി) ഈ സ്ഥാപനം നടത്തിയിട്ടുള്ള ഗവേഷണ പ്രവർത്തനങ്ങളുടെ ഫലമായി ആരോഗ്യ രംഗത്തും രോഗികൾക്കും സ്ഥാപനത്തിനും എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടായിട്ടുണ്ട്;

(ഡി) ഈ ഗവേഷണ പ്രവർത്തനങ്ങൾക്കുവേണ്ടി ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. നേരിട്ട് വൈദ്യശാസ്ത്ര ഗവേഷണം നടത്തുന്നില്ല. എന്നാൽ ഗവേഷണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നുണ്ട്.

(ബി) ഉൾപ്പെടും.

(സി) 1992-ൽ എസ്.എ.റ്റി. ആശുപത്രിയിലെ ശിശുക്ഷേമകേന്ദ്രം പ്രോജക്ടിന് സൊസൈറ്റി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കൂടാതെ കെ.എച്ച്.ആർ. ഡബ്ല്യു.എസ്.-ന്റെ കാത്ത് ലാബ്, കാത്ത് ഐ.സി.യു, കൊറോണറി കെയർ യൂണിറ്റ്, തൊറാസിക് പ്രോഗ്രസ്സിവ് യൂണിറ്റ്, അഡ്വാൻസ്ഡ് ക്ലിനിക്കൽ ലബോറട്ടറി, ഗാസ്ട്രോ ലാബ്, ഇമേജോളജി സെന്റർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഉപരിപഠനത്തിനും ഗവേഷണത്തിനും പൊതുവായി പ്രയോജനകരമാണ്.

(ഡി) ഈ സ്ഥാപനം നേരിട്ട് ഗവേഷണ പ്രവർത്തനം നടത്തിയിട്ടില്ല. ഗവേഷണത്തിന് അത്യാവശ്യമായ ചില അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. ചെലവ് തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[12-7-2004-ലെ നക്ഷത്ര ചിഹ്നമിട്ട *21 (294)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

Storage available in the reservoirs as on:

ദശലക്ഷം യൂണിറ്റ്

	4-7-2004	4-7-2003
IDUKKI	859.50	206.89
PAMBA, KAKKI	389.82	128.58
SHOLAYAR	85.37	18.60
IDAMALAYAR	128.78	18.45
KUNDALA, MADUPETTY	85.99	11.83
KUTTIADI	29.28	20.43
ANAYIRANKAL, PONMUDI	69.57	9.93
NERIAMANGALAM	4.71	2.68
PORINGAL	10.81	1.74
LOWER PERIYAR	1.47	0.98

അനുബന്ധം III (എ)

[12-7-2004-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യവും നമ്പർ *21 (294)-ലെ ഉത്തരം ദയവായി കാണുക.]

Installed capacity and generation detalls as on 30/8/2004

Sl.No.	*Name of power station*	*Installed Capacity MW*	*Ganeration during the June 2004 mu*
(1)	(2)	(3)	(4)
Hydro			
1.	Kuttiadi+Kuttiadi-Extension Scheme	125	66.0430
2.	Sholayar	54	6.4435
3.	Peringalkuthu	32	22.1373
4.	PLBE	10	11.2810
5.	Pallivasal	37.5	20.6958
6.	Sengulam	48	18.3510
7.	Panniar	30	11.8850

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III (എ)—(തുടർച്ച)

(1)	(2)	(3)	(4)
8.	Neriamangalam	45	21.1570
9.	Sabarigiri	300	108.7100
10.	Idukki	780	86.3250
11.	Idamalayar	75	10.4180
12.	Kallada	15	4.3899
13.	Poppara	3	0.9582
15.	Lower Periyar	180	88.3560
17.	Kakkad	50	21.0760
18.	Small hydels (Madupetty, Chembukadavu,Urumi, Malampuzha)	17.1	0.8072
Hydro captive			
	Maniyar	12	4.9259
	Kuthungal	21	5.3628
	TOTAL Pvt. Sector		
	Total Hydro	1840.6	507.3213
DIESEL			
	BDPP	106.6	4.5820
	KDPP	128	9.2240
	Total Diesel		
Wind			
	Wind mill	2	0.2934

അനുബന്ധം IV

[12-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത 4 (1580)-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

31-5-2004 വരെ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന രണ്ടു വർഷത്തിന്മേൽ പഴക്കമുള്ള ഫയലുകൾ

നമ്പർ	വകുപ്പ്	രണ്ടു വർഷത്തിന്മേൽ പഴക്കമുള്ള ഫയലുകളുടെ എണ്ണം
(1)	(2)	(3)
1.	കൃഷി	507
2.	മൃഗസംരക്ഷണം	49
3.	സഹകരണം	213
4.	സാംസ്കാരിക കാര്യം	61
5.	ഇലക്ഷൻ	..
6.	ധനകാര്യം	231

LIBRARY ARCHIVES Kerala Legislative Assembly